(ജി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം †

(എ) എറണാകുളം റീജിയണൽ ലാബ് 1962-ലും കോഴിക്കോട് റീജിയണൽ ലാബ് 1972-ലുമാണ് സ്ഥാപിച്ചത്. ജില്ലാ ലാബുകളെ സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്.

(സി) 7200-11400 രൂപ ശമ്പള സ്കെയിലുള്ള സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക, എറണാകുളം -1, കോഴിക്കോട്-1. 6675-10500 രൂപ ശമ്പള സ്കെയിലിലുള്ള സയന്റിഫിക് ഓഫീസർ തസ്തിക എറണാകുളം-ഇല്ല, കോഴിക്കോട്-1. 6500-10500 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക-എറണാകുളം-ഇല്ല, കോഴിക്കോട് -3, 4000-6090 രൂപ ശമ്പള സ്കെയിലുള്ള ക്ലാർക്ക് തസ്തിക-എറണാകുളം-1, കോഴിക്കോട്-1. 3050-5230 രൂപ ശമ്പള സ്കെയിലുള്ള ടൈപ്പിസ്റ്റ് തസ്തിക-എറണാകുളം-1, കോഴിക്കോട്-1. 4000-6090 രൂപ ശമ്പള സ്കെയിലുള്ള ലബോറട്ടറി ടെക്നിഷ്യൻ തസ്തിക-എറണാകുളം-6, കോഴിക്കോട്-6. 2650-4150 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക-എറണാകുളം-2, കോഴിക്കോട്-4. 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള ശിപായി തസ്തിക-എറണാകുളം-1, കോഴിക്കോട് - ഇല്ല. 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള അറ്റൻഡർ തസ്തിക-എറണാകുളം-2. കോഴിക്കോട്-2.

(ഡി) അതെ.

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) നിവേദനം പരിശോധിച്ച് വരുന്നു.

പബ്ലിക് ഹെൽത്ത് ലാബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും

157(868)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് ലാബോറട്ടറിയുടെ റീജിയണൽ ലാബുകളും ജില്ലാ ലാബുകളും എന്നാണ് നിലവിൽ വന്നത്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്;

(സി) ഓരോ റിജിയണൽ ലാബിനും ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും ശമ്പള സ്കെയിൽ ഏതാണെന്നും വെളിപ്പെടുത്തുമോ;

---

† തിരുത്തിയ ഉത്തരം 28.02.2000-ലെ നിയമസഭാനടപടികളിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 7.3.1968-ലെ ജി.ഒ(എം.എസ്) 104/68/എച്ച്.ആന്റ്.ഡി പ്രകാരം എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണ്; നിയമനം നടത്തിയത് അതനുസരിച്ചായിരുന്നോ;

(ഇ) എറണാകുളം റീജിയണൽ ലാബിലേയ്ക്ക് അനുവദിച്ച കെമിസ്റ്റ് ഗ്രേഡ്-1 തസ്തിക പിന്നീട് തിരുവനന്തപുരം പി.എച്ച്.ലാബിലേക്ക് മാറ്റിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) പി.എച്ച്.ലാബിലും റീജിയണൽ ലാബുകളിലുമായി എത്ര കെമിസ്റ്റുകളുടെ തസ്തികകളാണ് സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിലുള്ളത്. ഇവയിൽ കെമിസ്റ്റ് ഗ്രേഡ്-1, കെമിസ്റ്റ് തസ്തികകൾ എത്ര വീതമുണ്ട്;

(ജി) കെമിസ്റ്റ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രമോഷൻ ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും ജീവനക്കാർ നിവേദനം നൽകിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത നിവേദനത്തിൽമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം†

(എ) എറണാകുളം റീജിയണൽ ലാബ് 1962-ലും കോഴിക്കോട് റീജിയണൽ ലാബ് 1972-ലും ആണ് നിലവിൽ വന്നത്. ജില്ലാ ലാബുകളെ സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നത്.

(സി)(1) 7200-11400 രൂപ ശമ്പള സ്കെയിലുള്ള സീനിയർ മെഡിക്കൽ ഓഫീസർ തസ്തിക-എറണാകുളം -1, കോഴിക്കോട് -1. (2) 6675-10500 രൂപ ശമ്പള സ്കെയിലുള്ള സയന്റിഫിക് ഓഫീസർ തസ്തിക-എറണാകുളം-ഇല്ല, കോഴിക്കോട്-1. (3) 6500-10500 രൂപ ശമ്പള സ്കെയിലുള്ള ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തിക-എറണാകുളം-ഇല്ല, കോഴിക്കോട്-3. (4) 4000-6090 രൂപ ശമ്പള സ്കെയിലുള്ള ക്ലാർക്ക് തസ്തിക-എറണാകുളം-1, കോഴിക്കോട് -1. (5) 3050-5230 രൂപ ശമ്പള സ്കെയിലിലുള്ള ടൈപ്പിസ്റ്റ് തസ്തിക-എറണാകുളം-1, കോഴിക്കോട്-1. (6) 4000-6090 രൂപ ശമ്പള സ്കെയിലിലുള്ള ലബോറട്ടറി ടെക്നിഷ്യൻ തസ്തിക-എറണാകുളം-6, കോഴിക്കോട്-6. (7) 2650-4150 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക-എറണാകുളം-2, കോഴിക്കോട്-4. (8) 2610-3680 രൂപ ശമ്പള സ്കെയിലുള്ള ശിപായി തസ്തിക-എറണാകുളം-1, കോഴിക്കോട്-ഇല്ല.(9) 2610-3680 രൂപ ശമ്പള സ്കെയിലിലുള്ള അറ്റൻഡർ തസ്തിക-എറണാകുളം-2. കോഴിക്കോട്-2.

(ഡി) വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.† എറണാകുളം, കോഴിക്കോട് റീജിയണൽ ലാബുകളിൽ കെമിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല.

(ഇ) എറണാകുളം റീജിയണൽ ലാബിൽ കെമിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

---

† തിരുത്തിയ ഉത്തരം 28.2.2000-ല നിയമസഭാനടപടികളിൽ ചേർത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ കെമിസ്റ്റ് ഗ്രേഡ്-2 തസ്തിക രണ്ടെണ്ണം നിലവിലുണ്ട്. റീജിയണൽ ലാബുകളിൽ തസ്തിക നിലവിലില്ല.

(ജി) ഉണ്ട്.

(എച്ച്) നിവേദനം പരിശോധിച്ച് വരുന്നു.

ചികിൽസാ ഉപകരണങ്ങൾ നന്നാക്കാൻ നടപടി

158(869)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വളരെയധികം ആധുനിക ചികിൽസാ ഉപകരണങ്ങളും ഫർണിച്ചറുകളും കേടായി കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആശുപത്രി ഉപകരണങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്ത് ഉപയോഗശൂന്യമാക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

(ഡി) ദന്തൽ കോളേജുകളിൽ ഇങ്ങനെ കേടായിക്കിടക്കുന്ന ഉപകരണങ്ങൾ സംബന്ധിച്ച എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) തുടർച്ചയായ ഉപയോഗംമൂലം ഉപകരണങ്ങൾ ചിലപ്പോൾ കേടാകാറുണ്ട്. ആരോഗ്യ വകുപ്പിലെ കേടായ ആശുപത്രി ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.ഇയെ കൊണ്ടാണ് നന്നാക്കിച്ചിരുന്നത്. ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരവരുടെ സാമ്പത്തിക പരിധിക്കകത്തുനിന്നുകൊണ്ട് ഉപകരണങ്ങൾ അതാതു സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണപരമായ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(സി മുതൽ ഇ വരെ) ഇപ്രകാരം ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

ഫാമിലി വെൽഫെയർ സെന്ററിലെ കുടിവെള്ളക്ഷാമം

159 (870)ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പറപ്പൂർ ഫാമിലി വെൽഫെയർ സെന്റർ കോംപൗണ്ടിൽ ഒരു പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൽ എം.പി.ഫണ്ടുപയോഗിച്ച് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ നിരാക്ഷേപപത്രം ആവശ്യപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly